# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. * 195 04.05.2017- ൽ മറുപടിക്ക്

## കൈത്തറി മേഖലയുടെ നവീകരണത്തിനും പ്രോത്സാഹനത്തിനുമായി പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ<br>ശ്രീ.സി.കൃഷ്ണൻ<br>ശ്രീ.പുരുഷൻ കടലുണ്ടി<br>ശ്രീ.എൻ.വിജയൻ പിള്ള | ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ കൈത്തറി മേഖലയുടെ നവീകരണത്തിനും പ്രോത്സാഹനത്തിനുമായി നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്നറിയിക്കാമോ; | (എ) സംസ്ഥാനത്തെ കൈത്തറി മേഖലയുടെ നവീകരണത്തിനും പ്രോത്സാഹനത്തിനുമായി നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1) പ്രാഥമിക കൈത്തറി നെയ്ത്തു സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം.<br>2) ഹാന്റക്സ്, ഹാൻവീവ് എന്നിവയിലെ ഓഹരി പങ്കാളിത്തം.<br>3) നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിനുള്ള സബ് സിഡി.<br>4) ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനുള്ള മാർജിൻ മണി വായ്പ.<br>5) കൈത്തറി മേഖലയിൽ സ്വയം തൊഴിൽ സൃഷ്ടിക്കൽ/ഹാന്റ്ലൂം ബിസിനസ് ഇൻക്യൂ ബേറ്റർ.<br>6) നെയ്ത്തുകാർക്കും മറ്റു തൊഴിലാളികൾക്കുമുള്ള പ്രചോദന പരിപാടി/കൈത്തറി തൊഴിലാളികൾക്കുള്ള ഉൽപ്പാദന പ്രോത്സാഹന ധനസഹായം.<br>7) കൈത്തറി ഗ്രാമവും സമഗ്ര കൈത്തറി ഗ്രാമവും സ്ഥാപിക്കൽ.<br>8) അംശദാന സമ്പാദ്യ പദ്ധതി.<br>9) കൈത്തറി നെയ്ത്തുകാർക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി (മഹാത്മാഗാന്ധി ബുങ്കർ ബീമാ യോജന).<br>10) വിപണന കയറ്റുമതി പ്രോത്സാഹനം.<br>11) കൈത്തറി സംഘങ്ങളുടെ ആധുനികവൽക്കരണവും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനവും.<br>12) പരിശീലനം, നൈപുണ്യം, ശേഷി വികസനം.<br>13) കൈത്തറിയുടെ പ്രചാരണം, പരിശീലനം, പഠനം, കൈത്തറി മാർക്ക് സ്കീമിന്റെ പ്രചാരണ സഹായം.<br>14) വിദ്യാഭ്യാസവകുപ്പിന്റെ സഹായത്തോടെ സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി. |

(ബി) കൈത്തറി തുണിയെന്ന പേരിൽ മിൽതുണി വ്യാപകമായിരിക്കുന്നത് തടയാൻ ഉല്പന്നങ്ങൾക്ക് കൈത്തറി മാർക്ക് ഏർപ്പെടുത്താൻ സാധിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ബി) കൈത്തറി തുണി എന്ന പേരിൽ മിൽ തുണി വ്യാപകമായിരിക്കുന്നത് തടയാൻ കൈത്തറി ഉൽപന്നങ്ങൾക്ക് ഹാന്റ്‌ലൂം മാർക്ക് മുദ്ര നിർബന്ധമാക്കിക്കൊണ്ട് സർക്കാർ ഉത്തരവിറക്കിയിട്ടുണ്ട്. ഈ ഹാന്റ്‌ലൂം മാർക്ക് മുദ്ര പ്രോത്സാഹിപ്പിക്കുന്നതിനായി, ഹാന്റ്‌ലൂം മാർക്ക് രജിസ്ട്രേഷൻ എടുക്കുന്ന ഉൽപന്നങ്ങൾക്കുള്ള രജിസ്ട്രേഷൻ ഫീസായ 2000 രൂപയും ലേബറിന്റെ ചെലവിനുള്ള 75% തുകയും തിരികെ നൽകുന്നതിനുള്ള പദ്ധതി നിലവിലുണ്ട്. കൂടാതെ ഹാന്റ്‌ലൂം മാർക്ക് ലേബൽ വാങ്ങുന്നതിനുള്ള തുകയുടെ 75%ഉം തിരികെ നൽകുന്നു.

(സി) ആഭ്യന്തര വിപണി വിപുലീകരണം സാധ്യമാക്കിയ സൗജന്യ കൈത്തറി യൂണിഫോം വിതരണ പദ്ധതിയോടൊപ്പം കയറ്റുമതി പ്രോത്സാഹനത്തിനും നടപടി എടുക്കുമോ;

(സി) കൈത്തറി ഉൽപന്നങ്ങളുടെ കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതികൾ നിലവിലുണ്ട്. 09.03.1998 ലെ സർക്കാർ ഉത്തരവ് പ്രകാരം കയറ്റുമതി വിലയുടെ 20% ആനുകൂല്യമായി നൽകുന്നുണ്ട്.

(ഡി) അസംസ്കൃത വസ്തുക്കളായ നൂൽ, ചായം തുടങ്ങിയവ ന്യായവിലയ്ക്ക് ലഭ്യമാക്കാൻ സംവിധാനമുണ്ടോ; വ്യക്തമാക്കുമോ?

(ഡി) അസംസ്കൃത വസ്തുക്കളായ നൂൽ, ചായം എന്നിവ സബ്സിഡിയോടു കൂടി ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. നാഷണൽ ഹാന്റ്‌ലൂം ഡെവലപ്പ്മെന്റ് കോർപ്പറേഷനിൽ നിന്നും വിവിധ യാൺ ബാങ്കുകൾ വഴി നെയ്ത്ത് സഹകരണ സംഘങ്ങൾക്ക് നൂൽ, ചായം എന്നിവ വിതരണം ചെയ്യുന്നുണ്ട്. അപ്രകാരം വിൽക്കുന്ന നൂൽ, ചായം എന്നിവയ്ക്ക് കേന്ദ്ര സർക്കാർ 10% സബ്സിഡിയും സംസ്ഥാന സർക്കാർ വിവിധ യാൺ കൗണ്ടുകൾക്ക് നിശ്ചയിച്ച പ്രകാരമുള്ള കഴിനൂൽ സബ്സിഡിയും നൽകുന്നുണ്ട്. സംസ്ഥാന സർക്കാർ ചുവടെ ചേർക്കും പ്രകാരം വിവിധ നിരക്കുകൾ നിശ്ചയിച്ചിരിക്കുന്നു.

| | | |
|---|---|---|
| 1 | 40S ന് താഴെയുള്ള കൗണ്ടുകൾക്ക് | 25/- രൂപ |
| 2 | 40S നും 80S നും ഇടയ്ക്ക് | 30/- രൂപ |
| 3 | 80S ന് മുകളിൽ | 40/- രൂപ |

ഇതോടൊപ്പം യാൺ ബാങ്കുകൾക്ക് 2.75% പലിശ നിരക്കിൽ 10 വർഷം തിരിച്ചടവ് കാലാവധിയോടെ മാർജിൻ മണി ലോണും അനുവദിക്കുന്നു.

**സെക്ഷൻ ഓഫീസർ**